**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 926** **10-08-2023 - ൽ മറുപടിയ്ക്ക്**

**ചിറ്റാരി കണ്ടി വാതുക്കൽ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം നിയോജകമണ്ഡലത്തിലെ മലയോര മേഖല കൂടിയായ വാണിമേൽ-ചെക്യാട് ഗ്രാമ പഞ്ചായത്തിലെ എസ്.ടി. കോളനിയിലേക്കുള്ള ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് പണി പൂർത്തികരിക്കാൻ കഴിയാത്തതിനാൽ കോളനി നിവാസികൾ അനുഭവിക്കുന്ന ദുരിതങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് പുന:സ്ഥാപിക്കാൻ എന്നത്തേയ്ക്ക് ഫണ്ട് അനുവദിക്കുമെന്ന് പറയാമോ? | (ബി) | നബാർഡ് RIDF 20 സ്കീമിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായാണ് പ്രസ്തുത റോഡ് നിർമ്മാണം നടത്തിയിരുന്നത്. കനത്ത മഴ, പ്രളയം, വില വർദ്ധന, കൂലി വർദ്ധന, പാർട്ട് ബില്ലുകൾ ലഭിക്കുന്നതിലെ കാലതാമസം, കരാറുകാരന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായുള്ള അധിക ബാധ്യത മൂലമുണ്ടായ തടസ്സം എന്നിവ മൂലം പദ്ധതി തുടരുവാൻ ആദ്യ കരാറുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ 2021 ജൂൺ മാസം കരാറുകാരനെ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഒഴിവാക്കുകയും ചെയ്തു. 30/09/2021 ന് അവസാനിക്കുമായിരുന്ന RIDF 20 സ്കീമിന്റെ കാലാവധി 31/03/2022 വരെ ദീർഘിപ്പിച്ച സാഹചര്യത്തിൽ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകുകയും തുടർന്ന് 2021 ഡിസംബറിൽ പ്രവൃത്തി റീ ടെണ്ടർ ചെയ്ത് കരാറുകാരനെ ചുമതലപ്പെടുത്തിയെങ്കിലും പ്രവർത്തി തുടങ്ങിയപ്പോൾ മഴ ശക്തിപ്പെടുകയും രണ്ടാം ലെയർ മെറ്റലിംഗ്, ടാറിംഗ് എന്നിവ സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതെ വരികയും ചെയ്തു. നബാർഡ് RIDF 20 സ്കീമിന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ടി നിർമ്മാണം നബാർഡ് പദ്ധതി പ്രകാരം തുടരുവാൻ കഴിയുന്നതല്ല. |

| | | | |
|---|---|---|---|
| | | | ടി പ്രവൃത്തി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ